ഉത്തരം

(എ) കരിനില വികസന ഏജൻസി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) തരിശ് കിടക്കുന്ന പാടങ്ങളിൽ കൃഷിയിറക്കുന്നതിന് കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളിൽപ്പെടുത്തി ആനുകൂല്യം നൽകുവാൻ അനുമതി ഇതിനകം നൽകിയിട്ടുണ്ട്.

(സി) വിവിധ പദ്ധതികൾ വഴിയായി കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് ഇപ്പോൾതന്നെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൈനകരിയിൽ കുടിവെള്ളമെത്തിക്കുവാനുള്ള പദ്ധതി

81 (2530) ശ്രീ. ഡി. സുഗതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കൈനകരിയിൽ കുടിവെള്ളമെത്തിക്കുവാനുള്ള പദ്ധതിക്കായി ആലപ്പുഴ ജില്ലാ പഞ്ചായത്തിന് എത്ര തുകയാണ് കൃഷിവകുപ്പിൽ നിന്നും നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുകയിൽ എത്ര തുക ചെലവഴിച്ചു ;

(സി) ഈ പദ്ധതി പ്രകാരം പള്ളാത്തുരുത്തി പാലത്തിന് സമീപം ഒരു ബോർവെല്ലും പമ്പ്ഹൗസും സ്ഥാപിച്ചതിനും അവിടെ നിന്ന് 3 കിലോമീറ്റർ ദൂരത്തേക്ക് മൂന്നിഞ്ച് വ്യാസമുള്ള പി. വി. സി. പൈപ്പ് ഇടുകയും ചെയ്തതിന് എത്രതുക ചെലവായി എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിൽ അഴിമതി നടന്നതായി എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഇ) കൃഷി വകുപ്പിൽ നിന്ന് തുകയൊന്നും നൽകിയിട്ടില്ല. ജില്ലാപഞ്ചായത്തിന്റെ പദ്ധതി ഫണ്ടിൽ നിന്നാണ് പദ്ധതി ചെലവുകൾ വഹിക്കുന്നത്. ജില്ലാപഞ്ചായത്തിൽ നിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

പുല്ലൂർ, കാസർഗോഡ് നിന്ന് ഫാക്ടറികളിലെ തൊഴിലാളികൾ

82 (2531) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ പുല്ലൂർ കാസർഗോഡ് സീഡ് ഫാമുകളിൽ എത്ര തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട് ; ഇതിൽ സ്ത്രീകൾ എത്ര ; പുരുഷന്മാർ എത്രയെന്ന് അറിയിക്കാമോ ;

(ബി) സീഡ് ഫാമുകളിൽ വരുന്ന വേക്കൻസികളിൽ തൊഴിലാളികളെ നിയമിക്കുന്നതിന് എന്തെങ്കിലും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly